I.ഇ.ബി.XIകേരള നിയമസഭ/IV25

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 22, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

കൊല്ലം ജില്ലയിലെ തീരപ്രദേശത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന സംഘർഷാവസ്ഥ

മി. സ്പീക്കർ: കൊല്ലം ജില്ലയിലെ പള്ളിത്തോട്ടം, മുദാക്കര കടൽത്തീര പ്രദേശത്ത് മത്സ്യത്തൊഴിലാളികൾ തമ്മിൽ സംഘർഷം മൂർച്ഛിച്ചതിനെത്തുടർന്ന് 21–7–2002–ന് പോലീസ് ആകാശത്തേയ്ക്ക് വെടിവയ്ക്കുകയും ലാത്തിച്ചാർജ്ജ് നടത്തുകയും ചെയ്തു; 200 വള്ളങ്ങൾ തീവച്ച് നശിപ്പിക്കപ്പെടുകയും ഫിഷർമെൻ കോളനിയിലെ അലക്സ് എന്ന മത്സ്യത്തൊഴിലാളി വെട്ടേറ്റ് മരണപ്പെടുകയും ചെയ്തിരിക്കുന്നു. പോലീസിന്റെ അനാസ്ഥയും നിഷ്ക്രിയത്വവുംമൂലം തീര പ്രദേശത്ത് ഇപ്പോഴും സംഘർഷം നിലനിൽക്കുന്നു. ജീവനും സ്വത്തിനും സംരക്ഷണം ഇല്ലാതായിരിക്കുന്നതായി പറയപ്പെടുന്ന അതീവ ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡോ. തോമസ് ഐസക്, സർവ്വശ്രീ കെ.പി രാജേന്ദ്രൻ, എ. സി. ഷണ്മുഖദാസ്, സി. കെ. നാണു, പി. സി. ജോർജ്,

കോവൂർ കുഞ്ഞുമോൻ, വി. സി. കബീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): കൊല്ലം ജില്ലയിലെ പള്ളിത്തോട്ടം, വാടി, മുദാക്കര ഭാഗത്തുള്ള മത്സ്യത്തൊഴിലാളികളും മാർത്താണ്ഡത്തു നിന്നുള്ള മത്സ്യത്തൊഴിലാളികളും തമ്മിൽ മത്സ്യം ഇറക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ രണ്ടു ദിവസങ്ങളായി വാക്കു തർക്കമുണ്ടായതിനെത്തുടർന്ന്. പോലീസ് ഇടപെട്ട് ഇരുവിഭാഗക്കാരേയും സമാധാനിപ്പിച്ച് വിട്ടു. 20-7-2002-ന് വൈകിട്ട് മൂന്നു മണിയോടെ ജോനകപ്പുറത്തെ വീടുകൾ പോർട്ട് കൊല്ലം ഭാഗത്തുള്ളവർ നശിപ്പിക്കുന്നതായി പറഞ്ഞുകേട്ട് തങ്കശ്ശേരി, വാടി ഭാഗത്തുള്ള കുറെയാളുകൾ ആയുധങ്ങളുമായി വന്ന് മുദാക്കര പ്രദേശത്തുള്ളവരുമായി ഏറ്റുമുട്ടി. അക്രമാസക്തരായ ജനക്കൂട്ടത്തോട് സമാധാനപരമായി പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടിട്ടും അവർ കൂട്ടാക്കാത്ത തിനാൽ അവരെ പിരിച്ചുവിടാൻ പോലീസ് റബ്ബർ ബുള്ളറ്റ് ഉപയോഗിച്ച് വെടിവച്ചതിനെത്തുടർന്ന് ഒരു വിഭാഗം പിരിഞ്ഞു പോകുകയും മറ്റൊരു വിഭാഗം പോലീസിനുനേരെ കല്ലേറു നടത്തുകയും ചെയ്തതിൽ 24 പോലീസുദ്യോഗസ്ഥന്മാർക്ക് പരിക്കേൽക്കുകയും ഒരു പോലീസ് വാഹനത്തിന് കേടു സംഭവിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് പള്ളിത്തോട്ടം പോലീസ് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സമാധാനാന്തരീക്ഷം നിലനിറുത്തുന്നതിന് പള്ളിത്തോട്ടം ഭാഗത്തുള്ള പള്ളി അധികാരികളുടേയും പൊതുപ്രവർത്തകരുടേയും സാന്നിദ്ധ്യത്തിൽ പോലീസ് സമാധാന ചർച്ച നടത്തി പരിഹാരമുണ്ടാക്കാൻ ശ്രമിച്ചു. 21-7-2002-ന് രാത്രി ഇരുവിഭാഗക്കാരും തമ്മിൽ വീണ്ടും അക്രമങ്ങൾ ആരംഭിക്കുകയും പോലീസിനുനേരെ കല്ലേറു നടത്തുകയും ഏതാനും വീടുകൾ നശിപ്പിക്കുകയും എഴുപതോളം വള്ളങ്ങൾ തീവച്ചു നശിപ്പിക്കുകയും ചെയ്തു. തുടർന്നുണ്ടായ സംഘട്ടനത്തിൽ മുദാക്കര ഭാഗത്തുള്ള അലക്സ് എന്ന മത്സ്യത്തൊഴിലാളിക്ക് വെട്ടേൽക്കുകയും ചികിത്സയ്ക്ക് കൊണ്ടുപോകവെ അയാൾ മരണപ്പെടുകയും ചെയ്തു. അക്രമാസക്തരായ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ പോലീസ് റബ്ബർ ബുള്ളറ്റ് ഉപയോഗിച്ച് വെടിവയ്ക്കുകയുണ്ടായി. ഐ. പി. സി. 302 (2) ഉൾപ്പെടെ വിവിധ വകുപ്പുകൾ ചേർത്ത് 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവിടെ ശക്തമായ പോലീസ് ബന്തവസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

ഡോ. തോമസ് ഐസക് : അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷമാണ് കൊല്ലം കടപ്പുറത്ത് നിലനിൽക്കുന്നത്. സംഘർഷത്തെത്തുടർന്ന് മുദാക്കര ഫിഷർമെൻ കോളനിയിലെ അലക്സ് എന്നയാൾ മരണപ്പെടുകയും വില്യംസ് എന്നയാൾ ഗുരുതരമായി പരിക്കേറ്റ് മരണത്തോട് മല്ലടിക്കുകയും ചെയ്യുന്നു. 200-ൽ അധികം വള്ളങ്ങൾ നശിപ്പിക്കപ്പെട്ടു; ഇരുപതോളം വീടുകൾ തകർത്തു. പള്ളിത്തോട്ടം, വാടി ഭാഗത്തു തുടങ്ങിയ സംഘർഷം പോർട്ട് കൊല്ലം ഭാഗത്തേക്കും പടർന്നിരിക്കുന്നു. പോലീസിനെ അവിടെനിന്നും പിൻവലിക്കരുതെന്ന് സമാധാന യോഗത്തിൽ സി. പി.ഐ.(എം) ശക്തമായി ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ അവിടെ നിന്നും പോലീസിനെ പൂർണ്ണമായും പിൻവലിച്ചു. മൂന്നു കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് പറഞ്ഞെങ്കിലും ഒരാളെയും ഇതുവരെ അറസ്റ്റുചെയ്തിട്ടില്ല. അതുകൊണ്ടാണ് അക്രമം വീണ്ടും ഉണ്ടായതും അക്രമം

അടിച്ചമർത്താൻ പോലീസിന് ക്രൂരമായ നടപടികൾ സ്വീകരിക്കേണ്ടി വന്നതും. ഇത് ഒരു വംശീയ വർഗ്ഗീയ കലാപമായി മാറാതിരിക്കാൻ സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണം.

ശ്രീ. കെ. ശങ്കരനാരായണൻ: കൊല്ലം കടപ്പുറത്ത് തുടർച്ചയായി രണ്ട് വിഭാഗക്കാർ തമ്മിലുണ്ടാകുന്ന സംഘർഷം അവസാനിപ്പി ക്കാനും സമാധാനാന്തരീക്ഷം നിലനിറുത്താനും രാഷ്ട്രീയത്തിനതീതമായി എല്ലാവരും ശ്രമിക്കുക യാണ് വേണ്ടത്. അവിടെനിന്ന് പോലീസിനെ പിൻവലിച്ചിട്ടില്ല; ഒരു കമ്പനി പോലീസ് അവിടെ ഉണ്ടായിരുന്നു. ആ പ്രദേശത്ത് സമാധാനാന്തരീക്ഷമുണ്ടാക്കാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. വർഗ്ഗീയ ചേരിതിരിവുണ്ടാകാതെ നോക്കാൻ പോലീസിന് നിർദ്ദേശം കൊടുക്കുന്നതുമാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

## ശ്രദ്ധക്ഷണിക്കൽ

### (1) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മാനേജുമെന്റ് സീറ്റുകൾ

ശ്രീ. പി. ജയരാജൻ: സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ, ഐ.എച്ച്.ആർ.ഡി., പരിയാരം മെഡിക്കൽ സയൻസ് അക്കാഡമി എന്നീ സ്ഥാപനങ്ങളിൽ മാനേജുമെന്റ് ക്വോട്ടയിൽ എഞ്ചിനീ യറിംഗ് മെഡിക്കൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ ഇറക്കിയിരിക്കു കയാണ്. അതുപ്രകാരം കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷനിലെ വിവിധ കോഴ്സുകളിൽ മാനേജുമെന്റ് ക്വോട്ടയിൽ 76-ഉം എൻ.ആർ.ഐ. റിസർവേഷനിൽ 102-ഉം സീറ്റ് അനുവദിച്ചിരിക്കുകയാണ്. ഇത് സുപ്രീം കോടതി വിധിയുടെ പരസ്യമായിട്ടുള്ള ലംഘനമാണ്. സുപ്രീം കോടതി വിധിയേയും സർവ്വ മൂല്യങ്ങളേയും ലംഘിച്ചുകൊണ്ടാണ് ഇത്തരം പ്രൊഫഷണൽ സ്ഥാപനങ്ങളിലേയ്ക്ക് മാനേജുമെന്റ് ക്വോട്ട എന്നുള്ള നിലയിൽ നേരിട്ട് പ്രവേശനം നടത്താൻ അനുവദിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയെ കച്ചവടരംഗമാക്കി മാറ്റിയിരി ക്കുന്നു. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ഈ വർഷത്തെ വിദ്യാർത്ഥി പ്രവേശനത്തിന് ന്യൂനപക്ഷ-ഭൂരിപക്ഷ സ്ഥാപനമെന്ന വ്യത്യാസമില്ലാതെ, 15% മാനേജുമെന്റ് ക്വോട്ടയും 10% എൻ.ആർ.ഐ. ക്വോട്ടയുമായി കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഇത് ഹൈക്കോടതിയുടെ തീരുമാനമനുസരിച്ചാണെന്ന് സ്ഥാപിക്കാനാണ് ശ്രമം നടത്തുന്നത്. പേമെന്റ് സീറ്റ് കൊടുക്കുമ്പോൾ മെറിറ്റ് ബാധകമാക്കണമെന്ന് സുപ്രീം കോടതി വിധിയിൽ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. സഹകരണ മേഖലയിലുള്ള പരിയാരം മെഡിക്കൽ കേളേജും, കേപ്പ്-ഉം ഗവൺമെൻറ് ഉടമയിലുള്ള സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളിലെ മാനേജുമെന്റ് ക്വോട്ട അവസാനിപ്പിക്കണം.

എൻ.ആർ.ഐ. ക്വാട്ടയിലേയ്ക്കുള്ള പ്രവേശനത്തിന് ഓപ്ഷണൽ സബ്ജക്ടുകൾക്കുള്ള അഗ്രഗേറ്റ് മിനിമം മാർക്ക് 55%-ൽനിന്നും 50%-ആക്കി കുറയ്ക്കാനുണ്ടായ സാഹചര്യം ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം.

വിദ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്തുസൂപ്പി): കഴിഞ്ഞവർഷം അനുവദിക്കപ്പെട്ട സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളിലെ പ്രവേശനത്തിന് 15 ശതമാനം മാനേജ്മെന്റ് ക്വോട്ട അനുവദിക്കുവാൻ 2-8-2001-ൽ കേരള ഹൈക്കോടതിയുടെ ഉത്തരവുണ്ടായി. ഉണ്ണികൃഷ്ണൻ കേസിൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധി പ്രകാരം ഫ്രീ സീറ്റിലും പേമെന്റ് സീറ്റിലും 1:1 എന്ന റേഷ്യോ അനുസരിച്ചാണ് പ്രവേശനം നല്കേണ്ടത്. മൈനോറിറ്റി സ്റ്റാറ്റസ് അവകാശം ഉന്നയിച്ച കോളേജുകൾക്ക് കഴിഞ്ഞവർഷത്തേക്ക് മാത്രമായി 15 ശതമാനം കമ്മ്യൂണിറ്റി ക്വോട്ട അനുവദിച്ചിട്ടുണ്ട്. എയ്ഡഡ് എഞ്ചിനിയറിംഗ് കോളേജുകൾക്ക് 15 ശതമാനം മാനേജുമെന്റ് ക്വോട്ട ഡയറക്ട് പേമെന്റ് എഗ്രിമെൻറിന്റെ ഭാഗമായിട്ട് കോടതിയുടെ അംഗീകാരത്തോടുകൂടി ലഭിക്കുന്നുണ്ട്. ഈ വർഷം തുടങ്ങിയ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകൾ ഉൾപ്പടെയുള്ള പ്രൊഫഷണൽ കോളേജുകൾക്ക് ഈ വർഷത്തേക്കു മാത്രം 15 ശതമാനം മാനേജുമെന്റു ക്വോട്ട നല്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.. മൈനോറിറ്റിയെ സംബന്ധിച്ച് കേസ് നിലനില്ക്കുന്നതുകൊണ്ടാണ് താല്ക്കാലിക അറേഞ്ച്മെന്റ് എന്നുള്ള നിലയ്ക്ക് ഈ കാര്യത്തിൽ ഇങ്ങനെയൊരു തീരുമാനമെടുത്തിട്ടുള്ളത്. സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങളിലും ഇത് ബാധകമാക്കാൻ 10-7-2002-ലെ മന്ത്രിസഭായോഗം തീരുമാനിച്ചുവെങ്കിലും ഐ.എച്ച്.ആർ.ഡി., എൽ.ബി..എസ്, കെ.എസ്.ആർ.ടി.സി എന്നിവ നടത്തുന്ന കോളേജുകളിൽ ഈ വർഷം ഇത് ബാധകമാക്കേണ്ടതില്ലെന്ന് ആ സഥാപനങ്ങൾതന്നെ തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനം നടപ്പാക്കുന്നതിൽ ക്ളാരിഫിക്കേഷ.ൻ ആവശ്യമായതിനാൽ സർക്കാർ ഉത്തരവ് ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

(2) പരിസ്ഥിതിനയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. സുജനപാൽ: കേരളം നേരിടുന്ന അതിരൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് മുൻ ഗവൺമെന്റുകൾ കാര്യമായ നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. വികസന വുമായി ബന്ധപ്പെടുന്ന എല്ലാ വകുപ്പുകളിലും പദ്ധതികൾ നടപ്പാക്കുന്നതിൽ സംഭവിച്ച പാളിച്ചകൾ പരിസ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പ്രകൃതിയുടെ സന്തുലിതാവസ്ഥയെ ദോഷകരമായി ബാധിക്കുന്ന പരിപാടികളാണ് എല്ലാ വകുപ്പുകളും നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇതിനൊരവസാനമുണ്ടാകണം. സംസ്ഥാനത്ത് എൻവയോൺമെന്റൽ പ്ളാനിംഗ് ബോർഡ് രൂപീകരിക്കണം. വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് ഒരു നയരൂപീകരണത്തിനാവശ്യമായ നടപടികളു ണ്ടാകണം. പരിസ്ഥിതി സംരക്ഷണത്തിന് പ്രത്യേകമായി ഒരു മന്ത്രാലയവും എല്ലാ വകുപ്പുകളിലും എൻവയോൺമെന്റ് സെല്ലും

രൂപീകരിക്കണം. ഈ വർഷം എർത്ത് സമിറ്റ് നടത്താൻ പോകുന്ന സാഹചര്യത്തിൽ നിയമസഭയിൽ ഇതിനെക്കുറിച്ച് ചർച്ച ചെയ്യാൻ അവസരമുണ്ടാക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): കേരളത്തിൽ ഉൾപ്പെടെ ലോകത്താകമാനം ഇന്ന് പരിസ്ഥിതി പ്രശ്നങ്ങളുണ്ട്. പരിസ്ഥിതി സംരക്ഷണ പദ്ധതികൾക്കായി സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും എല്ലാ വകുപ്പുകളുടേയും തലവൻമാർ അംഗങ്ങളായും 1997-ൽ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ട്. പരിസ്ഥിതി അനുബന്ധ മേഖലകളിലെ 3 വിദഗ്ദ്ധൻമാരെ ഈ സമിതിയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥയുണ്ട്. പരിസ്ഥിതി സംരക്ഷണ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് ഈ സമിതിയുടെ മേൽനോട്ടത്തിലാണ്. ദേശീയ പരിസ്ഥിതി നയത്തിനനുസൃതമായി സംസ്ഥാനത്തും പരിസ്ഥിതി നയം രൂപീകരിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിന്റെ കരട് രൂപം ആസൂത്രണ സമിതിയുടെ പരിഗണനയിലുണ്ട്. ഇതിന് പ്രത്യേകമായ ഒരു മന്ത്രാലയം രൂപീകരിക്കേണ്ട ആവശ്യമില്ല.

## സബ്മിഷൻ

### (1) വെള്ളാപ്പ് വലിയപറമ്പ് പാലം നിർമ്മാണം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ: കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് പഞ്ചായത്തിലെ വെള്ളാപ്പ് പാലത്തിന്റെ നിർമ്മാണത്തിന് അടിയന്തിരമായി ഭരണാനുമതി നൽകണം.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ): 215 മീറ്റർ നീളം വരുന്ന വലിയപറമ്പ് പാലത്തിന്റെ നിർമ്മാണത്തിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 50,000 രൂപ വകയിരുത്തിയിട്ടുണ്ട്. വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ അംഗീകരിച്ചശേഷം പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (2) കോട്ടത്തറ വില്ലേജിലെ കുടിവെള്ളക്ഷാമം

ശ്രീ. കളത്തിൽ അബ്ദുള്ള: മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട ഷോളയൂർ പഞ്ചായത്തിലെ കോട്ടത്തറ വില്ലേജ് പൂർണ്ണമായും വരൾച്ചയിലാണ്. അവിടത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കുടിവെള്ള പദ്ധതി ആരംഭിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): ഷോളയൂർ പഞ്ചായത്തിൽ മൂന്ന് വാട്ടർ സപ്ളൈ സ്കീമുകളുണ്ട്. ഈ സ്കീമുകളിലൂടെ 33% ജനങ്ങൾക്കു മാത്രമേ കുടിവെള്ളം കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഷോളയൂർ പഞ്ചായത്തിനെ കെ.ആർ.ഡബ്ള്യൂ.എസ്.എ. യുടെ പ്രവർത്തനപരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(3) താൽക്കാലിക അദ്ധ്യാപക നിയമനത്തിലെ അപാകതകൾ

ശ്രീ.വി. ചെന്താമരാക്ഷൻ: ഗവൺമെന്റ് ഹൈസ്കൂളുകളിലേയും ഹയർ സെക്കണ്ടറി സ്കൂളുകളിലേയും അദ്ധ്യാപകരുടെ താൽക്കാലിക ഒഴിവുകൾ പത്ര പരസ്യത്തിലൂടെയാണ് നികത്തിവരുന്നത്. അതിനാൽ അർഹതപ്പെട്ടവർക്ക് നിയമനം കിട്ടുന്നില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചാൽ സംവരണ തത്വം പാലിക്കപ്പെടുകയും അർഹതപ്പെട്ട നിയമനം കിട്ടുകയും ചെയ്യും. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1 : 40 ആയിട്ട് നിലനിർത്താനും പ്രൊട്ടക്ടഡ് അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ഹയർ സെക്കണ്ടറിയിൽ എയ്ഡഡ് മേഖലയിൽ 925 സ്കൂളുകളും 416 ഗവൺമെന്റ് സ്കൂളുകളുമുണ്ട്. 6110 അദ്ധ്യാപകരുടെ തസ്തികകൾ 17.8.2000-ൽ സൃഷ്ടിച്ചിട്ടുണ്ട്. സ്ഥിരം നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. താൽക്കാലിക അദ്ധ്യാപകരുടെ നിയമനത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് കിട്ടാത്തപ്പോൾ താൽക്കാലിക നിയമനം നടത്തുന്നതിന് പ്രിൻസിപ്പാളും പി.ടി.എ. പ്രസിഡന്റും സെക്രട്ടറിയും അടങ്ങുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ക്വാളിഫൈഡായിട്ടുള്ള ഉദ്യോഗാർത്ഥികളുണ്ടെങ്കിൽ നേരിട്ട് നിയമനം നടത്താൻ പാടില്ലെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഹൈസ്കൂളുകളിലെ നിയമനത്തിന് പി.എസ്.സി. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

(4) തൊഴിൽദാന പദ്ധതി

ശ്രീ. കെ.സി. വേണുഗോപാൽ: ഈ ഗവൺമെന്റ് പ്രഖ്യാപിച്ച തൊഴിൽദാന പദ്ധതി 200 കോടി രൂപ കൊണ്ടുമാത്രം പൂർത്തിയാക്കാൻ കഴിയുകയില്ല. അതുകൊണ്ട് മറ്റ് ഏജൻസികളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഇത് വിപുലമായ ഒരു പദ്ധതിയാക്കി മാറ്റണം. തൊഴിൽ വകുപ്പുതന്നെ ഇത് മോണിറ്റർ ചെയ്യുന്നതിനുവേണ്ടി സഭയിലെ ഭരണ പ്രതിപക്ഷ യുവജന എം.എൽ.എ.മാരടങ്ങുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കി ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സംസ്ഥാന ചരിത്രത്തിൽ ആദ്യമായിട്ടാണ് ബഡ്ജറ്റിൽതന്നെ തൊഴിൽദാന പദ്ധതിക്കായി തുക വകകൊള്ളിച്ചുകൊണ്ട് ഒരു പദ്ധതി തയ്യാറാക്കി യിട്ടുള്ളത്. ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, ഗ്രാമ വികസന വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവർ അടങ്ങുന്ന ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി ഇതിനാ വശ്യമായ പദ്ധതികൾക്ക് രൂപം കൊടുത്തുവരുന്നു. സെക്രട്ടറി തലത്തിലുള്ള കമ്മിറ്റി അത് പരിശോധിച്ചുവരുന്നു. യുവജന എം.എൽ.എ.മാരെ പങ്കെടുപ്പിച്ചുകൊണ്ട് ഇതിനാവശ്യമായ ചർച്ചകൾ നടത്തി നവംബർ 1-ാം തീയതിതന്നെ ഇത് പ്രവൃത്തിപഥത്തിൽ

കൊണ്ടുവരാനുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ്. മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(5) മണിയൂരിലെ എൻജിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ പ്രയാസങ്ങൾ

ശ്രീ. മത്തായി ചാക്കോ: കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ വടകരയിലെ മണിയൂരിൽ സ്ഥാപിച്ച എൻജിനീയറിംഗ് കോളേജിന്റെ ഇന്നത്തെ

അവസ്ഥ പരിതാപകരമാണ്. വിദ്യാർത്ഥികളിൽനിന്നും പണം പിരിച്ചുവെങ്കിലും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ അവിടെ ഉണ്ടാക്കിയിട്ടില്ല. മൂന്നും നാലും സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചിട്ടില്ല. വിദ്യാർത്ഥികൾ ഇന്ന് നേരിടുന്ന വിവിധ പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണ വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): ഈ എൻജിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലോക്കൽ അതോറിറ്റിയിൽ നിന്നു അക്കാദമിക്ക് വിട്ടുകിട്ടുന്നതിന് കാലതാമസമുണ്ടായതുകൊണ്ട് കെട്ടിട നിർമ്മാണത്തിന് താമസം നേരിട്ടു. ലബോറട്ടറിക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇലക്ട്രിസിറ്റി കണക്ഷന് 6.97 ലക്ഷം രൂപ സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്, 11 കെ.വി. സബ്സ്റ്റേഷന്റെ പണി പുരോഗമിച്ചു വരുന്നു. പ്രിൻസിപ്പാൾ വോളണ്ടറി റിട്ടയർമെന്റ് വാങ്ങിപ്പോയതിനാൽ പകരം പ്രിൻസിപ്പാളിനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പരീക്ഷാ നടത്തിപ്പും ഫലപ്രസിദ്ധീകരണവും കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ചുമതലയിലായതിനാൽ അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് കൊച്ചിൻ യൂണിവേഴ്സിറ്റി അധികൃതരോട് ആവശ്യ പ്പെട്ടിട്ടുണ്ട്.

(6) ഇടുക്കി - കോട്ടയം ജില്ലകളിലെ സ്വകാര്യ ബസുകളുടെ പെർമിറ്റ് പുതുക്കൽ

ശ്രീ. ഇ.എം. അഗസ്തി: 1977-ൽ കേരള ഗവൺമെന്റ് പുറപ്പെടുവിച്ച ഒരു നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന അഞ്ഞൂറോളം സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് പുതുക്കിക്കൊടുക്കാൻ തയ്യാറാകാത്തതുമൂലം അവിടെ വളരെ ഗുരുതരമായ സാഹചര്യം സംജാതമായിരിക്കുകയാണ്. കോട്ടയം-കുമിളി റോഡിൽ 28 കിലോമീറ്റർ പൊൻകുന്നം കഴിഞ്ഞുള്ള ഭാഗത്തും എറണാകുളം റൂട്ടിൽ തൊടുപുഴ കഴിഞ്ഞുള്ള ഹൈറേഞ്ച് മേഖലയിലും കെ.എസ്.ആർ.ടി.സി.ക്ക് ഓപ്പറേഷൻ ഫെസിലിറ്റീസ് ഇല്ലാത്തതുകൊണ്ട് സ്വകാര്യ സർവീസുകൾ നിർത്തിവച്ചാൽ എന്തെങ്കിലും ബദൽ സംവിധാനം എളുപ്പത്തിൽ ഉണ്ടാക്കാൻ കഴിയില്ല. സ്വകാര്യ ബസുകൾ സർവ്വീസ് നിർത്തിവച്ചാൽ ഗതാഗതരംഗത്ത് ഇടുക്കി ജില്ല പൂർണ്ണമായി ഒറ്റപ്പെടും. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): ആർ.ടി.എ. പെർമിറ്റ് കൊടുക്കുന്നതിനോടനുബന്ധിച്ച് കെ.എസ്.ആർ.ടിസി.ക്കുവേണ്ടിയും കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് അസോസിയേഷനുവേണ്ടിയും ഫയൽ ചെയ്തിരുന്ന രണ്ടു ഹർജികളിന്മേലും പ്രൈവറ്റ് ബസ് ഓപ്പറേറ്റർമാർക്കെതിരെ ഹൈക്കോടതി വിധി വന്നതിനെത്തുടർന്നു സുപ്രീം കോടതിയിൽ കൊടുത്ത സ്പെഷ്യൽ ലീവ് പെറ്റീഷൻ ഇപ്പോൾ പരിഗണനയിലാണ്. റവന്യൂ വകുപ്പുമന്ത്രിയും ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയും കൂടി വിളിച്ചുചേർത്ത ഉന്നതതലയോഗത്തിൽ കോടതിവിധി നടപ്പിലാക്കുന്നതു സംബന്ധിച്ച് സുപ്രീം കോടതിയിൽ സമർപ്പിക്കപ്പെട്ട സ്പെഷ്യൽ ലീവ് പെറ്റീഷനുമേൽ തീരുമാനമുണ്ടാകുന്നതുവരെ സ്വകാര്യ ബസ്സുകൾക്ക് താൽക്കാലിക പെർമിറ്റുകൾ തുടർന്നും നൽകുന്ന കാര്യം ചർച്ച ചെയ്തു. ചർച്ചയിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചുവരികയാണ്. 18-7-02-ൽ സ്ഥലം എം.എൽ.എ.മാരുമായി വകുപ്പുമന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പെർമിറ്റ് ക്യാൻസലാകുന്ന പ്രൈവറ്റ് ബസുകളുടെ ട്രിപ്പുകൾക്ക് പകരമായി അതേ റൂട്ടിൽ ട്രാൻസ്പോർട്ട് ബസ്സുകൾ ട്രിപ്പുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. മറ്റു ഡിപ്പോകളിൽ നിന്നു ആവശ്യമായ ബസ്സുകൾ അയയ്ക്കുകയും ചെയ്യുന്നുണ്ട്. ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ എം.എം. ഹസ്സൻ): അടുത്ത കാലത്ത് അമേരിക്കയിൽ പോയ അവസരത്തിൽ, 'നോർക്ക' നടത്തിയ ചില പ്രവർത്തനങ്ങളുടെ ഫലമായി സി.ജി.എഫ്.എൻ.എസ്. കോഴ്സിന് പ്രവേശനപ്പരീക്ഷ നടത്തുന്നതിന് കൊച്ചിയിൽ ഒരു സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നുള്ള വിവരം സി.ജി.എഫ്.എൻ.എസ്. അധികൃതർ കേരള ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇന്ത്യയിൽ ബാഗ്ളൂരിൽ മാത്രമാണ് ഇതുവരെ ഇത്തരം ഒരു പരീക്ഷാസെന്റർ ഉണ്ടായിരുന്നത്. എല്ലാ വർഷവും മാർച്ച്, ജൂലൈ, നവംബർ മാസങ്ങളിലാണ് സി.ജി.എഫ്.എൻ.എസ്.ലേക്കുള്ള പ്രവേശനപരീക്ഷ നടത്തുന്നത്. 2003 മാർച്ച് 12-ലെ ആദ്യത്തെ പ്രവേശനപരീക്ഷ എഴുതുന്നവർക്കുവേണ്ടി നോർക്കയുടെ ആഭിമുഖ്യത്തിൽ എൻ.ആർ.ഐ. സഹകരണത്തോടെ കൊച്ചിയിൽ ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കാനും ധാരണയായിട്ടുണ്ട്. വിദേശ മലയാളികളുടെ വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കുന്നതിന് മദ്ധ്യതിരുവിതാംകൂറിലും തിരുവനന്തപുരത്തും ഓരോ ഹെറിറ്റേജ് ഹോം തുടങ്ങുന്നതിന് അമേരിക്കൻ മലയാളികളായ രണ്ട് സ്വകാര്യ സംരംഭകർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. കേരള ഗവൺമെന്റ് കൊച്ചിയിൽ നടത്താൻ പോകുന്ന ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ പങ്കെടുക്കാനുള്ള ക്ഷണം ധാരാളം അമേരിക്കൻ മലയാളികൾ സ്വീകരിച്ചിട്ടുണ്ട്. നോർക്ക ഡിപ്പാർട്ടുമെന്റ് മുൻകൈയെടുത്ത് നോൺ റസിഡന്റ് കേരളൈറ്റ് അഫയേഴ്സ് ഓഫ് നോർത്ത് അമേരിക്ക എന്ന പേരിൽ ഒരു പൊതുവേദി രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ഭരണഘടനയുടെ 252(1)–ാം അനുച്ഛേദം പ്രകാരമുള്ള ഗവൺമെന്റ് പ്രമേയം

### കൈകൊണ്ടുള്ള തോട്ടിപ്പണിയും നിർജല കക്കൂസുകളുടെ നിർമ്മാണവും (നിരോധന) ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): ഈ സംസ്ഥാനത്ത് കൈകൊണ്ടുള്ള തോട്ടിപ്പണിയും, നിർജല കക്കൂസുകളുടെ നിർമ്മാണമോ അഥവാ വച്ചുകോരലോ നിരോധിക്കുന്നതിനും വെള്ളം ഉപയോഗിച്ചു വൃത്തിയാക്കാവുന്ന കക്കൂസുകളുടെ നിർമ്മാണവും വച്ചുകോരലും ക്രമപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കൈകൊണ്ടുള്ള തോട്ടിപ്പണിയും നിർജല കക്കൂസുകളുടെ നിർമ്മാണവും നിരോധിക്കുന്നതിന് 1993–ലെ 46–ാം കേന്ദ്ര ആക്ട് നടപ്പിലാക്കുന്നത് അഭിലഷണീയമായിരിക്കുമെന്ന് കേരള സംസ്ഥാന നിയമസഭ കരുതുന്നതിനാൽ ഇൻഡ്യൻ ഭരണഘടനയുടെ 252–ാം അനുച്ഛേദം 1–ാം ഖണ്ഡത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കേരള സംസ്ഥാന നിയമസഭ 1993–ലെ കൈകൊണ്ടുള്ള തോട്ടിപ്പണിയും നിർജല കക്കൂസുകളുടെ നിർമ്മാണവും (നിരോധന) ആക്ട് (1993–ലെ 46–ാം കേന്ദ്ര ആക്ട്) സംസ്ഥാനത്ത് നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുന്ന പ്രമേയം സഭയിൽ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

16.7.2002–ൽ കൂടിയ കാര്യോപദേശക സമിതിയുടെ യോഗത്തിലുണ്ടായ ധാരണ പ്രകാരം ചർച്ച കൂടാതെ പ്രമേയം സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മാർച്ച് മാസം 31–ാം തീയതി പട്ടികവർഗ്ഗ വകുപ്പ് മുപ്പത്തിയെട്ട് കോടി നാല്പത് ലക്ഷം രൂപ ട്രഷറിയിൽനിന്നും പിൻവലിച്ചുവെങ്കിലും അത് ചെലവഴിക്കാതെ ഉദ്യോഗസ്ഥൻമാരുടെ കൈവശം സൂക്ഷിച്ചതിനെ സംബന്ധിച്ച് ശ്രീ.എ.കെ. ബാലൻ ഉന്നയിച്ച ചോദ്യത്തിന് പിന്നോക്ക–പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി ഡോ.എം.എ. കുട്ടപ്പൻ 25.6.2002–ൽ നൽകിയ മറുപടിയിൽ, ട്രഷറിയിൽനിന്നും പിൻവലിച്ച തുക ചെലവു ചെയ്യുന്നതിന് ജൂൺ 30 വരെ സർക്കാർ സമയം അനുവദിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ഫിനാൻഷ്യൽ കോഡ്, ബഡ്ജറ്റ് മാനുവൽ, ട്രഷറി കോഡ് എന്നിവ പ്രകാരം അങ്ങനെ ചെയ്യുന്നത് ശരിയല്ല. ഗവൺമെന്റ് അങ്ങനെ ഒരു ഉത്തരവ് നൽകിയിട്ടുണ്ടെങ്കിൽ അത് സഭയുടെ മേശപ്പുറത്ത് വയ്ക്കണം. റൂൾ റിലാക്സ് ചെയ്താലേ അങ്ങനെ അനുവദിക്കാൻ പാടുള്ളൂ. റൂൾ റിലാക്സ് ചെയ്യാൻ ക്യാബിനറ്റിനു മാത്രമേ അധികാരം ഉള്ളൂ. ട്രഷറി കോഡിലേയും ബഡ്ജറ്റ് മാനുവലിലേയും ഫിനാൻഷ്യൽ കോഡിലേയും നിർദ്ദിഷ്ട വ്യവസ്ഥകൾ മറികടന്നുകൊണ്ട് റ്റി.എസ്.പി. ഫണ്ട് ഇനത്തിലുള്ള 38 കോടി 40 ലക്ഷം രൂപ 24 ദിവസവും, 18 കോടി രൂപ രണ്ടേമുക്കാൽ മാസവും ഉദ്യോഗസ്ഥന്മാർ കൈവശം വച്ചു. ഈ വകയിൽ സംസ്ഥാന ഖജനാവിന് 82 ലക്ഷം രൂപ പലിശ ഇനത്തിൽ നഷ്ടപ്പെട്ടു. ഈ പണം ഉദ്യോഗസ്ഥന്മാർ തിരിച്ചടയ്ക്കാതെ ഇപ്പോഴും കൈവശം വച്ചുകൊണ്ടിരിക്കുന്നുവെന്നാണ് അറിയുന്നത്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രി ബോധപൂർവ്വം മിസ്അപ്രോപ്രിയേഷൻ നടത്തി എന്നുള്ളത് വളരെ വ്യക്തമാണ്. ഇതിന്റെ

ഉത്തരവാദിത്വം ഏറ്റെടുത്ത് വകുപ്പുമന്ത്രി രാജിവയ്ക്കണം സംഭവത്തെക്കുറിച്ച് വിശദമായ ഒരു ജുഡീഷ്യൽ അന്വേഷണത്തിന് സർക്കാർ ഉത്തരവിടണം എന്നതാണ് പ്രതിപക്ഷത്തിന്റെ ആവശ്യം.

ശ്രീ. ആര്യാടൻ മുഹമ്മദ്: ട്രഷറി കോഡും ബഡ്ജറ്റ് മാനുവലും ഫിനാൻഷ്യൽ കോഡുമെല്ലാം നിലനിൽക്കുമ്പോൾത്തന്നെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കേരളത്തിൽ 1999, 2000, 2001 എന്നീ വർഷങ്ങളിൽ വലിയ തുക ഉദ്യോഗസ്ഥന്മാർ കൈവശം വച്ചിരുന്നത് ശരിയല്ലെന്നുള്ള ഒബ്സർവ്വേഷൻ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ ഉണ്ട്. പശ്ചിമ ബംഗാളിൽ ഇതിലും ഗുരുതരമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ചില ഫണ്ടുകളുടെ വിനിയോഗ കാര്യത്തിൽ സാമ്പത്തിക വർഷത്തിന്റെ കാലാവധി തന്നെ ആറു മാസംകൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റ്റി.എസ്.പി. ഫണ്ട് ലാപ്സാകാതിരിക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ച നടപടിയെ വലിയ അപരാധമായി ചിത്രീകരിച്ചുകൊണ്ട് വകുപ്പുമന്ത്രി രാജിവയ്ക്കണമെന്ന് ആവശ്യപ്പെടുന്നത് ശരിയല്ല.

ഡോ. തോമസ് ഐസക്: 1999-ൽ പഞ്ചായത്തുകൾക്ക് അനുവദിച്ച തുക, ചെലവഴിക്കാനുള്ള സമയക്കുറവു കാരണം ലാപ്സാകാതിരിക്കുന്നതിന് സമയം നീട്ടിക്കൊടുത്തുകൊണ്ട് പ്രസ്തുത തുക പഞ്ചായത്തുകൾക്ക് ചെലവഴിക്കാനുള്ള അവകാശം കൊടുക്കുക മാത്രമാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. ഇവിടത്തെ പ്രശ്നം റ്റി.എസ്.പി. ഫണ്ട് ഉദ്യോഗസ്ഥന്മാർ കൈവശം വച്ചിരുന്നതുവഴി സംസ്ഥാന ഖജനാവിന് പലിശയിനത്തിൽ വൻതുക നഷ്ടമുണ്ടായി എന്നുള്ളതാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഈ പ്രശ്നത്തെ സംബന്ധിച്ച ഗവൺമെന്റിന്റെ നിലപാട് കഴിഞ്ഞ ദിവസം സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. ട്രൈബൽ വെൽഫെയറിനുവേണ്ടി ലോക്കൽ ബോഡീസിന് പ്രത്യേകമായി അനുവദിച്ച പണം മാർച്ച് 31 വരെ ചെലവാക്കാൻ കഴിയാത്തതിന്റെ പശ്ചാത്തലത്തിലാണ് ആ പണം ട്രഷറിയിൽനിന്ന് പിൻവലിച്ച്
ഉദ്യോഗസ്ഥന്മാരുടെ കൈവശം വച്ചത്. ആ പണം ദുരുപയോഗം ചെയ്യുകയോ ലാപ്സാകുകയോ വകമാറ്റി ചെലവഴിക്കുകയോ ചെയ്യരുതെന്നുള്ള ഉദ്ദേശം മാത്രമേ ഗവൺമെന്റിന് ഉണ്ടായിരുന്നുള്ളൂ. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും ഇതുപോലെ ഉദ്യോഗസ്ഥന്മാർ പണം കയ്യിൽ വച്ചിട്ടുള്ളതായി സി. ആന്റ് എ.ജി. യുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കഴിഞ്ഞ ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ സർക്കാർ ജീവനക്കാരുടെ സമരംമൂലമാണ് 31-3-02-നകം ഈ തുക ചെലവഴിക്കാൻ സാധിക്കാത്തത്. എന്നാൽ 21-12-01-ലെ സർക്കാർ ഉത്തരവുപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിച്ച 40 കോടിരൂപ വിവിധ ജില്ലാ ഓഫീസർമാർ പണമായും ഡി.ഡി. ആയും ട്രഷറിയിൽനിന്ന് പിൻവലിച്ച് ഉദ്യോഗസ്ഥരുടെ കയ്യിൽവച്ചത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ പൊതുതാല്പര്യം കണക്കിലെടുത്ത് സദുദ്ദേശത്തോടുകൂടിയായിരുന്നു. ഈ തുക ചെലവഴിക്കാൻ 30-6-02 വരെ സമയംകൊടുത്തു. അതിനുശേഷം ബാക്കിവരുന്ന തുക ട്രഷറിയിൽ തിരിച്ചടയ്ക്കാൻ

നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ തുക കയ്യിൽ വച്ചിരിക്കുന്നത് നിയമവിരുദ്ധവും ക്രമവിരുദ്ധവുമാണെന്നും ഇതിനെക്കുറിച്ച് അന്വേഷണം നടത്താമെന്നും കഴിഞ്ഞദിവസം ഉറപ്പ് നൽകിയിരുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ ഈ വകുപ്പിൽ കഴിഞ്ഞ കുറേവർഷങ്ങളിൽ ക്യാഷായും ഡ്രാഫ്റ്റായും ട്രഷറിയിൽനിന്ന് പണം പിൻവലിച്ച് മാർച്ച് മാസത്തിനുശേഷം കൈവശം വച്ചിരുന്നതായി കാണുന്നുണ്ട്. 30-6-02-നുശേഷം വിനിയോഗിക്കാതെ ബാക്കി വന്ന തുക ഉദ്യോഗസ്ഥന്മാർ ട്രഷറിയിൽ തിരിച്ചടയ്ക്കാത്തതിനെ സംബന്ധിച്ചും ഇതിൽ എന്തെങ്കിലും ക്രമക്കേട് നടന്നിട്ടുണ്ടോയെന്നുള്ളതിനെക്കുറിച്ചും അന്വേഷണം നടത്തി എത്രയുംവേഗം വിശദമായ റിപ്പോർട്ട് നൽകാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് നടന്ന ക്രമക്കേടുകളെക്കുറിച്ചും അന്വേഷണം നടത്തുന്നതാണ്. ഏകദേശം ഒരുകോടി അമ്പത്തിയോഴായിരം രൂപ അഗളിയിലെ എസ്.ബി.ഐ.യിൽ നിക്ഷേപിച്ചിട്ടുണ്ട്. ബാക്കിയുള്ള പണം ഇന്നത്തോടുകൂടി ട്രഷറിയിൽ തിരിച്ചടയ്ക്കും. ഇതിൽ എന്തെങ്കിലും അഴിമതിയോ മിസ്-അപ്രോപ്രിയേഷനോ നടത്തിയിട്ടുണ്ടെങ്കിൽ അവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കും.

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u> : കഴിഞ്ഞദിവസം ഇതുസംബന്ധിച്ച് നടന്ന ചർച്ചയ്ക്കിടയിൽ ഇത് ക്രമരഹിതമായ നടപടിയാണെന്ന് ബഹുമാനപ്പെട്ട സ്പീക്കറും സമ്മതിച്ചതാണ്. 48 മണിക്കൂറിനകം ആ തുക ട്രഷറിയിൽ തിരിച്ചടയ്ക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി സഭയ്ക്ക് നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. ഈ പണം ശരിയായ രീതിയിൽ വിനിയോഗിക്കുന്നില്ലെന്ന ട്രൈബൽ ഡയറക്ടറുടെ മുന്നറിയിപ്പുണ്ടായിരുന്നതിൽനിന്നും ഉദ്യോഗസ്ഥൻമാരല്ല, മറിച്ച് രാഷ്ട്രീയക്കാരാണ്, മന്ത്രി നിലവാരത്തിലുള്ളവരാണ് കുറ്റക്കാർ എന്ന് വ്യക്തമാകുന്നുണ്ട്. ഈ പണം ആരാണ് ഉപയോഗിച്ചത്, ആരുടെ കൈവശമാണ് എന്നതു സംബന്ധിച്ച് ധനകാര്യമന്ത്രിക്ക് വ്യക്തമായ മറുപടി നൽകാൻ കഴിഞ്ഞിട്ടില്ല. ചീഫ് സെക്രട്ടറിയെ
ക്കൊണ്ട് അന്വേഷിപ്പിക്കുമെന്നാണ് ഗവൺമെന്റ് പറയുന്നത്. സർക്കാരുദ്യോഗസ്ഥൻമാർ അന്വേഷണക്കാരായി വന്നാൽ മന്ത്രിമാരുൾപ്പെട്ട പ്രശ്നങ്ങളിൽ സത്യസന്ധമായ അന്വേഷണമുണ്ടാവുകയില്ല. അതുകൊണ്ട് ജുഡിഷ്യൽ അന്വേഷണം നടത്തണം. 1996 മുതൽ 2001 വരെയുള്ള എൽ.ഡി.എഫ്-ന്റെ കാലഘട്ടവും അന്വേഷണവിധേയമാക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ)</u>: ചീഫ് സെക്രട്ടറിയെക്കൊണ്ട് അന്വേഷിപ്പിക്കാമെന്നുള്ള ഗവൺമെന്റിന്റെ അഭിപ്രായം പറഞ്ഞുകഴിഞ്ഞു.

(ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിയുടെ മറുപടി തൃപ്തികരമല്ലെന്നാരോപിച്ചുകൊണ്ട് പ്രതിപക്ഷം ഒന്നടങ്കം വാക്കൗട്ട് നടത്തുകയും അൽപസമയത്തിനുള്ളിൽ തിരിച്ചുവരികയും ചെയ്തു.)

## നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച IIIാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സംസ്ഥാനത്തിന് വളരെയേറെ ആവശ്യമുള്ള ഒരു നിയമമാണിത്. സുപ്രീം കോടതിയുടെ വിധിയാണ് ഈ ബില്ലിന് ആസ്പദം. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളുമായി ചർച്ച നടത്തി ഒരു മോഡൽ ബിൽ തയ്യാറാക്കി അയച്ചുകൊടുത്തതിനെത്തുടർന്ന് മിക്കവാറും എല്ലാ സംസ്ഥാനങ്ങളും ഈ നിയമം പാസ്സാക്കിക്കഴിഞ്ഞു. ഭൂഗർഭജലം അമിതമായി യാതൊരു നിയന്ത്രണവുമില്ലാതെ ചൂഷണം ചെയ്യുകയും വിനിയോഗിക്കുകയും ചെയ്യുന്നതുമൂലം ഭൂജലവിതാനം ക്രമാതീതമായി താഴ്ന്ന് കിണറുകളും കുളങ്ങളും വറ്റുകയും ഭൂമിയുടെ ഉപരിതലത്തിൽ ജലാംശം കുറയുകയും ചെയ്യുന്നു. ഈ ഗുരുതരമായ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഈ ബില്ലിന്റെ പ്രാരംഭ നടപടികൾ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചുവെങ്കിലും ആ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുന്ന സന്ദർഭമായതിനാൽ നിയമനിർമ്മാണം നടത്താൻ കഴിഞ്ഞില്ല. എന്നാൽ പിന്നീട് വന്ന എൽ.ഡി.എഫ് ഗവൺമെന്റ് ദേശീയ ശിൽപശാലയിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായവും നിർദ്ദേശവും പരിഗണിച്ച് തയ്യാറാക്കിയ പരിഷ്ക്കരിച്ച ബില്ലിന് ഗവർണ്ണറുടെ അനുമതി ലഭിച്ചുവെങ്കിലും തുടർനടപടികൾ സ്വീകരിക്കാൻ കഴായാത്തതുകൊണ്ട് അത് ലാപ്സായി. 25-7-2001-ലെ മന്ത്രിസഭായോഗം ഈ ബിൽ പരിഗണിക്കുകയും 20.12.2001-ൽ കേരള ഗവർണ്ണറുടെ അനുമതി ലഭിക്കുകയും ചെയ്തു. സംസ്ഥാനത്ത് ഭൂജലശേഷി യാതൊരു വിവേചനവുമില്ലാതെ ചൂഷണം ചെയ്യുന്നത് ഭൂമിയുടെ ജലാംശം കുറയ്ക്കുന്നതിന് കാരണമാകുന്നു. ഭൂഗർഭജലത്തെപ്പറ്റി നടത്തിയ പഠനങ്ങൾ ബില്ലിന്റെ അന്തസത്തയോട് യോജിക്കുന്ന വിധത്തിലാണ്. സംസ്ഥാനത്തെ

ഭൂജല നിക്ഷേപത്തെപ്പറ്റിയും അമിതോപയോഗം മൂലം ഭൂജലത്തിന്റെ നിരപ്പിൽ താഴ്ചയുണ്ടാകാനുള്ള സാദ്ധ്യതകളെപ്പറ്റിയും ഭൂജലം കൂടുതലായിട്ടുള്ള പ്രദേശത്തെപ്പറ്റിയും പഠനം നടത്തിയിട്ടുള്ള ഏജൻസികളുടെ സാറ്റലൈറ്റ് മാപ്പിംഗിന്റെ അടിസ്ഥാനത്തിലുള്ള സ്ഥിതിവിവരക്കണക്കനുസരിച്ച് ഇത്തരം ഒരു നിയമനിർമ്മാണത്തിന്റെ അനിവാര്യത വളരെ വ്യക്തമായിരിക്കുകയാണ്. ഭൂഗർഭജലം വിനിയോഗിക്കുന്നതു സംബന്ധിച്ച് ചില നിയന്ത്രണങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള യാതൊരു അധികാരങ്ങളും ചുമതലകളും തടയുകയോ എടുത്തുമാറ്റുകയോ ചെയ്യുകയില്ല. ആവശ്യമായ എല്ലാ പരിശോധനകളും നടത്തി മോഡൽ ബില്ലിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാനുസൃതമായിട്ടാണ് ഈ നിയമം തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് മന്ത്രിസഭ പാസ്സാക്കി ഗവർണ്ണറുടെ അംഗീകാരം നേടി പബ്ളിഷ് ചെയ്യപ്പെട്ട ബില്ലാണിത്. സംസ്ഥാനത്തിന്റെ താല്പര്യം മുൻനിർത്തി ഗ്രൗണ്ട് വാട്ടറിന്റെ അമിതമായ ചൂഷണത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയെന്നതാണ് ഈ ബില്ലിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കൂടാതെ സർക്കാരിന് അധിക സാമ്പത്തികഭാരം വരാത്തവിധത്തിൽ ഇതിനായി ഒരു അതോറിറ്റി രൂപീകരിക്കുകയും വേണം. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ നിയമങ്ങളും ക്രോഡീകരിച്ചുകൊണ്ട് ഒരു ഏകീകൃത നിയമം കൊണ്ടുവരുന്ന കാര്യവും ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഈ ബില്ലിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്ന അവസരത്തിലോ ക്ളാസ് ബൈ ക്ളാസ് ചർച്ചയിലോ ഉന്നയിച്ച് പരിഹരിക്കാവുന്നതാണ്. ബില്ല് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതിന് അനുമതി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. വി.ഡി. സതീശൻ:</u> 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.8.2002 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നിയമനിർമ്മാണ രംഗത്ത് വളരെ പരിചയ സമ്പന്നനായ മന്ത്രി അവതരിപ്പിച്ച ഒരു ബില്ലാണിത്. കുഴൽക്കിണർ കുഴിക്കുന്നതിന് സാധാരണ റെഗുലേഷൻ ഏർപ്പെടുത്തുന്ന ഒരു ബിൽ എന്നുള്ള നിലയ്ക്ക് ഇതിനെ നിസ്സാരമായി കാണാൻ കഴിയുകയില്ല. കുടിക്കാനും ജലസേചനത്തിനുംവേണ്ടി ജലം ലഭ്യമാക്കുന്നതിനുള്ള മനുഷ്യന്റെ പോരാട്ടം വരും നാളുകളിൽ രാഷ്ട്രീയത്തിന്റേയും സമൂഹത്തിന്റേയും പല സമവാക്യങ്ങളേയും മാറ്റിമറിക്കാൻ പോകുകയാണ്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് പണ്ടു മുതലേ പരിചിതമായതും നമ്മുടെ സംസ്ഥാനത്തിന് ഇതുവരെ അന്യമായിരുന്നതുമായ വരൾച്ച സമീപ വർഷങ്ങളിൽ ഇവിടേയും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിരന്തരമായുണ്ടാകുന്ന വരൾച്ചയും തൻമൂലമുണ്ടാകുന്ന കെടുതികളും നമ്മുടെ സംസ്ഥാനത്ത് ആവർത്തിക്കപ്പെടുമോയെന്നുള്ളതാണ് ഇന്ന് നമ്മെ അലട്ടുന്ന പ്രശ്നം. ആന്ധ്രയുടെ കാർഷിക മേഖലയുടെ നട്ടെല്ലായിരുന്ന റായലസീമ എന്ന പ്രദേശം രൂക്ഷമായ വരൾച്ചബാധിത പ്രദേശമായി മാറിയത് ഭൂജലത്തിന്റെ അതിരുകളില്ലാത്ത ചൂഷണത്തിന്റെ ഫലമാണെന്നാണ് ശാസ്ത്രീയ പഠനങ്ങൾ തെളിയിക്കുന്നത്. കാർഷിക മേഖലയിൽ കർഷക പ്രമാണിമാർ പവർ കൂടിയ പമ്പുകൾ ഉപയോഗിച്ച് ഭൂജലം ലഭ്യമാക്കുമ്പോൾ ഭൂജല വിതാനം താഴുന്നതിന്റെ ഫലമായി ചെറുകിട/സാധാരണ കൃഷിക്കാർക്ക് ജലം കിട്ടാത്ത

അവസ്ഥയുണ്ടാകുന്നത് ഇരുകൂട്ടരും തമ്മിലുള്ള വർഗ്ഗ സമരങ്ങൾക്കുവരെ വഴി തെളിയിച്ചിട്ടുണ്ട്. ജലം സ്വകാര്യ സ്വത്തായി കണക്കാക്കാൻ പാടില്ല. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുസ്വത്ത് നീതിപൂർവ്വമായി വിതരണം നടത്താനുള്ള ബാദ്ധ്യതയും അത് മാനേജു ചെയ്യാനുള്ള അധികാരവും ഒരു ജനകീയ ഗവൺമെന്റിനുണ്ട്. 1972-ൽ മഹാരാഷ്ട്രയിൽ നടന്ന പാനി പഞ്ചായത്ത് മൂവ്മെന്റും മുക്തി സംഘർഷ മൂവ്മെന്റുമെല്ലാം ഭൂജല ലഭ്യത സംബന്ധിച്ച സാമൂഹ്യ പ്രശ്നങ്ങളിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. അതിന്റെ ഫലമായി ഇക്വിറ്റബിൾ ഡിസ്ട്രിബ്യൂഷൻ ഓഫ് വാട്ടർ എന്നുള്ള സങ്കല്പം നടപ്പിലാക്കാൻ കഴിഞ്ഞു. പ്രകൃതി വിഭവമെന്നുള്ള നിലയിൽ ജല സമ്പത്ത് കാത്തുസൂക്ഷിക്കാനും ഭൂജല വിതാനം താഴ്ന്നുപോകാതെ സൂക്ഷിക്കാനുമുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ഭൂജലം അനിയന്ത്രിതമായി ഉപയോഗിക്കുന്നതും ചൂഷണം ചെയ്യുന്നതും നിയന്ത്രിക്കാൻ ഉദ്ദേശിച്ചുകൊണ്ട് കൊണ്ടുവന്നിട്ടുള്ള ഒരു നിയമമാണിത്. നമുക്കാവശ്യമായ വെള്ളം ഭൂമിക്കടിയിലെ പാറക്കെട്ടുകൾക്കിടയിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നതാണ് ഭൂജലത്തിന്റെ പ്രത്യേകത. ആ ജലം ഏറെക്കുറെ ശുദ്ധവും ബാഷ്പീകരിക്കപ്പെട്ടുപോകാൻ കുറഞ്ഞ സാദ്ധ്യതയുള്ളതുമാണ്. ഭൂമിശാസ്ത്രപരമായി നമ്മുടെ സംസ്ഥാനത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായിട്ടാണ് തരം തിരിച്ചിട്ടുള്ളത്. ഈ മൂന്നു പ്രദേശങ്ങളുടേയും പ്രത്യേകതകൾ, അവിടുത്തെ നീരുറവകൾ, പാറക്കെട്ടുകൾ തുടങ്ങിയവയെക്കുറിച്ച് ശാസ്ത്രീയമായി പഠനം നടത്തിയതിനുശേഷം മാത്രമേ കിണർ, കുഴൽ കിണർ, ബോർവെൽ എന്നിവ കുഴിക്കുന്നതിന് അനുവാദം കൊടുക്കാവൂ. നീരുറവകളും പാറക്കെട്ടുകളുടെ ഫോർമേഷനുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ നടത്താൻ പാടുള്ളൂവെന്ന പ്രഖ്യാപനം ഉണ്ടാകണം. റിമോട്ട് സെൻസിംഗ് ടെക്നോളജിയും ഹൈഡ്രോ ജിയോളജിക്കൽ ഇൻവെസ്റ്റിഗേഷനും നാട്ടറിവുകളും സംയോജിപ്പിച്ചുകൊണ്ട് ജലം കണ്ടെത്താനുള്ള അന്വേഷണം വിപുലമാക്കണം. സംസ്ഥാന ഭൂജല അതോറിറ്റി രൂപീകരിക്കുന്നതു സംബന്ധിച്ച് ഒരു പൊതുഘടന ഉണ്ടാകണം. ഇത് വാട്ടർ അതോറിറ്റിക്ക് സമാന്തരമായിട്ടാണോ അതോ അനുബന്ധമായിട്ടാണോയെന്ന് വ്യക്തമാക്കണം. ഓരോ പ്രദേശത്തേയും കിണറുകളെ സംബന്ധിച്ച് കൃത്യമായ വിവരം ശേഖരിക്കുന്നതിനുവേണ്ടി രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനു പകരം ഡിപ്പാർട്ടുമെന്റ് തലത്തിൽ ഒരു സർവ്വേ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. അതുപോലെ ഭൂജല ഉപഭോക്താവിന്റെ അപ്ളിക്കേഷൻ നിരസിക്കപ്പെട്ടാൽ നിലവിലുള്ള കിണറുകൾക്ക് എന്ത് സംഭവിക്കുമെന്ന് വ്യക്തമാക്കണം. ഒരു പ്രദേശത്തെ മുഴുവൻ ഭൂജലത്തേയും ബാധിക്കുന്ന കരയിലേയും പാടശേഖരങ്ങളിലേയും മണൽ വാരൽ നിയന്ത്രിക്കുന്നതിനുള്ള പ്രൊവിഷൻകൂടി ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. നിലവിലുള്ള ബോർവെല്ലുകൾ നിരോധിക്കുമ്പോൾ അതിൽനിന്നുള്ള ജലം ഉപയോഗിക്കുന്ന കാർഷിക വിളകൾക്ക് നാശമുണ്ടാകാത്ത രീതിയിലായിരിക്കാൻ ശ്രദ്ധിക്കണം. ചട്ടങ്ങൾ ലംഘിക്കുന്നവർക്കുള്ള പീനൽ പ്രൊവിഷൻ വളരെ ലഘുവാണെന്നതിനാൽ അത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. അക്കേഷ്യാ, യൂക്കാലിപ്റ്റസ് തുടങ്ങിയ പ്ളാന്റേഷൻസ് വച്ചുപിടിപ്പിക്കുന്നത് നിയന്ത്രിക്കാനുള്ള വകുപ്പുകൂടി ഈ നിയമത്തിൽ ഉൾപ്പെടുത്തണം. ഭൂജലം മലിനപ്പെടുന്നതോടുകൂടി മാരകമായ ജലജന്യ രോഗങ്ങൾ ഉണ്ടാകുന്നതുകൊണ്ട് അത് തടയാനുള്ള ഒരു പ്രൊവിഷൻ ഇതിൽ ചേർക്കണം. വ്യാവസായിക-കാർഷിക-ഗാർഹിക ആവശ്യത്തിന് കെമിക്കൽസ് ഉപയോഗിക്കുന്നതിന്റെ ഫലമായി കുടിവെള്ള സ്രോതസ്സുകളിൽ മാലിന്യമുണ്ടാകുന്നു. ഭൂജല വകുപ്പ് വികസിപ്പിക്കണം. പുതിയ

ജലസ്രോതസ്സുകൾ കണ്ടെത്താൻ കഴിയണം. വർഷകാലത്ത് മഴവെള്ളം ശേഖരിച്ച് വേനൽക്കാലത്ത് ഉപയോഗിക്കാനുള്ള ഫലപ്രദമായ സംവിധാനം തീരപ്രദേശങ്ങളിലെങ്കിലും നടപ്പിലാക്കണം. ഭൂജലസമ്പത്ത് റീ–ചാർജ്ജ് ചെയ്ത് സംസ്ഥാനത്തിന്റെ ഇറിഗേഷൻ കപ്പാസിറ്റി വർദ്ധിപ്പിക്കണം. ഭൂജല വികസനത്തേയും ലഭ്യതയേയുംക്കുറിച്ചുള്ള വിശദമായ പഠനങ്ങളുണ്ടാകണം. ജലസേചനം നടത്തേണ്ടതിനെപ്പറ്റിയും ഏതുതരം കിണറുകളാണ് കുഴിക്കേണ്ടത് എന്നതിനെപ്പറ്റിയും കർഷകർക്ക് സാങ്കേതികമായ വിജ്ഞാനം നൽകാനുള്ള ബാദ്ധ്യത ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ഏറ്റെടുക്കണം.

<u>ശ്രീ.കെ.എ. ചന്ദ്രൻ:</u> 2002–ലെ കേരള ശുദ്ധജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജലസമ്പത്തുകൊണ്ട് അനുഗൃഹീതമായ കേരളത്തെ ഒരു മരുഭൂമിയാക്കാതിരിക്കാൻ ഈ ബിൽ സഹായകമാകും. എന്നാൽ ഒരു കിണർ കുഴിക്കുന്നതിനുപോലും സർക്കാരിന്റെ അനുമതി വേണ്ടിവരും, അത് അപകടകരമായ ഒന്നാണ് എന്ന വിധത്തിൽ ഒരു പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ജലസ്രോതസ്സുകളിലെ വെള്ളം വിനിയോഗിക്കേണ്ടതിനെക്കുറിച്ചും ശുദ്ധജലം ലഭ്യമാക്കേണ്ടതിനെക്കുറിച്ചും കുളങ്ങളും ഓപ്പൺ വെല്ലുകളും സംരക്ഷിക്കേണ്ടതിനെക്കുറിച്ചുമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത നിയമം കൊണ്ടുവരാൻ സമയം വൈകിയിരിക്കുന്നു. വെള്ളം കെട്ടിനിൽക്കുന്ന താമരക്കുളങ്ങൾ സംരക്ഷിക്കണം. ഐ.എസ്.ഐ.മാർക്കുള്ള വെള്ളം മാത്രമേ ബോട്ടിൽ വഴി വിപണിയിലിറക്കാവൂ എന്ന് നിർദ്ദേശിക്കണം. കേരളത്തിൽ വേണ്ട സമയത്ത് മഴ ലഭിക്കാത്ത സ്ഥിതിക്ക് കിട്ടുന്ന മഴവെള്ളം എങ്ങനെ വിനിയോഗിക്കാൻ കഴിയുമെന്നും ഏതു സമയത്തും ഭൂഗർഭ ജലത്തിന്റെ വിനിയോഗം എങ്ങനെ നടത്താൻ കഴിയുമെന്നും ആലോചിക്കണം. മഴവെള്ളം ശേഖരിക്കുന്നതിന് ആവശ്യമായ ജലസംഭരണികൾ നിർമ്മിക്കുന്നതിന് മതിയായ തുക വകയിരുത്താത്തതുകൊണ്ടും വകയിരുത്തിയ തുക യഥാസമയം ചെലവഴിക്കാത്തതുകൊണ്ടും അതിവൃഷ്ടിയിലൂടെ ലഭിക്കുന്ന മഴവെള്ളം പാഴായിപ്പോകുന്നു. അയൽ സംസ്ഥാനങ്ങൾ ശാസ്ത്രീയമായ വാട്ടർ മാനേജു മെന്റിലൂടെ ജലം പരമാവധി ഉപയോഗപ്പെടുത്തുന്നതുപോലെ നമ്മുടെ സംസ്ഥാനത്തും ഉപയോഗപ്പെടുത്തണം. പാലക്കാട് ജില്ലയിൽ ആളുകൾ മൽസരിച്ച് അടുത്തടുത്ത് കുഴൽക്കിണർ കുഴിക്കുന്നതുമൂലം ആർക്കും ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ലെന്നുമാത്രമല്ല കൃഷിക്കാർ കടത്തിൽപെടുകയും വെള്ളം ചോർത്തിയെടുക്കുന്നതിന്റെ പേരിൽ ധാരാളം ക്രിമിനൽ കേസ്സുകൾ ഉണ്ടാകുകയും ചെയ്യുന്നു. ഇതൊഴിവാക്കുന്നതിന് ജലവിനിയോഗത്തിൽ മതിയായ ജാഗ്രത പുലർത്തുകയും ഭൂജല വിനിയോഗം സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തി ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം. ഭൂജലം യഥാസമയം കണ്ടെത്തി നിയന്ത്രണവിധേയമായി ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ച് ഗഹനമായ പഠനങ്ങൾ നടത്തണം. കോടിക്കണക്കിനു രൂപ കുടിവെള്ള വിതരണത്തിന് ചെലവഴിച്ചിട്ടും അട്ടപ്പാടി, കൊഴിഞ്ഞാമ്പാറ മേഖലകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. അതിനുംകൂടി പരിഹാരമുണ്ടാക്കിയാലേ ഈ ബിൽ കൊണ്ട് പൂർണ്ണമായ പ്രയോജനം ഉണ്ടാകുകയുള്ളൂ. ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ജലമലിനീകരണം കൊണ്ടുള്ള ദോഷങ്ങളെക്കുറിച്ചും കുട്ടികളേയും മുതിർന്നവരേയും ബോധവത്കരിക്കണം.

<u>ഡോ. തോമസ് ഐസക്:</u> ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളോട് യോജിപ്പുണ്ടെങ്കിലും ഇതിലെ ചില സമീപനങ്ങളോട് വിയോജിപ്പുണ്ട്. ഇതൊരു സമഗ്രമായ ബിൽ അല്ലാത്തതിനാൽ സഭയിൽ നടക്കുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇതിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരണം. ഈ ബില്ലിന്റെ സെൻട്രൽ ആക്ട് ഉണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്തിന് യോജിച്ച മാറ്റങ്ങൾ വരുത്തണം. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും കേരളത്തിന് പ്രസക്തമല്ല. അതിനാൽ ഇത്തരത്തിൽ ബില്ല് കൊണ്ടുവന്നിട്ടുള്ള സംസ്ഥാനങ്ങളുടെ അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തണം. സെൻട്രൽ വാട്ടർ കമ്മിഷന്റെ പഠന പ്രകാരം കേരളത്തിലെ ഭൂജലത്തിന്റെ പൊട്ടൻഷ്യൽ 650 കോടി ക്യൂബിക് മീറ്ററും ഉപയോഗം 90 കോടി ക്യൂബിക് മീറ്ററുമാണ്. സെൻട്രൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റി നടത്തിയിട്ടുള്ള പഠനങ്ങൾ പരിശോധിച്ചാലും കേരളം ഭൂജലം അപകടകരമാംവിധം ഉപയോഗപ്പെടുത്തിയിട്ടില്ലെന്നു കാണാം. വിവിധ ഏജൻസികൾ നടത്തിയ പഠന പ്രകാരം കേരളത്തിൽ ഭൂജലം ഉപയോഗിക്കുന്നതിന്റെ സ്റ്റേറ്റ് ആവറേജ് 15% ആണ്. കോസ്റ്റൽ ഏരിയയിൽ 30 ശതമാനവും. ഗ്രൗണ്ട് വാട്ടറിന്റെ ഉപയോഗം 85 ശതമാനത്തിനു മുകളിലാകുമ്പോഴേ ഗുരുതരാവസ്ഥയിലാകുന്നുള്ളൂ. 85 ശതമാനത്തിനു മുകളിൽ ഭൂജലം ഉപയോഗിക്കുന്ന ഒരു സ്ഥലവും കേരളത്തിലില്ല. 55 ശതമാനത്തിനും 65 ശതമാനത്തിനും ഇടയ്ക്ക് ഭൂജലം ഉപയോഗിക്കുന്ന നാല് ബ്ളോക്കുകൾ കേരളത്തിലുണ്ട്. പരമ്പരാഗത സംവിധാനങ്ങളുടെ തകർച്ച, മണലൂറ്റ് തുടങ്ങിയവയാണ് കേരളത്തിലെ ജലവിതാനത്തിൽ വ്യത്യാസമുണ്ടാകാനുള്ള കാരണം. ഭൂജലവിനിയോഗത്തിന് അമിത നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഈ ബില്ലിലെ സമീപനത്തോട് വിയോജിക്കുന്നു. ഇക്കാര്യത്തിൽ സമഗ്രമായ ഒരു സമീപനം കൈക്കൊള്ളണം. കേരളത്തിലെ എല്ലാ കിണറുടമകളും ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്നുള്ള ഈ ബില്ലിലെ വ്യവസ്ഥയിൽ മാറ്റം വരുത്തി ''ക്രിട്ടിക്കൽ ഏരിയ'' ആയി നോട്ടിഫൈ ചെയ്തിട്ടുള്ള പ്രദേശങ്ങളിലെ ഭൂജല ഉപഭോക്താക്കൾ മാത്രം രജിസ്റ്റർ ചെയ്താൽ മതി എന്നാക്കണം. ചെറുനീർമറി പ്രദേശങ്ങൾ ധാരാളമുള്ള കേരളത്തിൽ ക്രിട്ടിക്കൽ ഏരിയ ആയി നോട്ടിഫൈ ചെയ്യുന്നതിനുള്ള ഡാറ്റ ഉണ്ടാക്കുന്നത് വളരെ ശ്രമകരമാണ്. നിലവിലുള്ള കിണറുകൾ ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ച് 6–ാം വകുപ്പിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥ ആവശ്യമുണ്ടോ എന്ന് പരിശോധിക്കണം. ഈ നിയമത്തിലൂടെ ഭൂജല വിനിയോഗത്തെ സംബന്ധിച്ച് ജനങ്ങളിൽ പുതിയ അവബോധം വളർത്തി എടുക്കണം. 7–ാം വകുപ്പ് ഡിലീറ്റ് ചെയ്യണം. 8–ാം വകുപ്പിലെ വ്യവസ്ഥകൾ അപൂർണ്ണമാണ്. ഭൂജലം സംബന്ധിച്ച കാര്യങ്ങൾ പ്രാദേശികതലത്തിൽ ആസൂത്രണം ചെയ്യണം. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർവ്വഹിക്കാനുള്ള അധികാരങ്ങൾ ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം എങ്ങനെ പ്രാവർത്തികമാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് തുറന്ന ചർച്ച ഉണ്ടാകണം. ഭൂജല വിനിയോഗം നിയന്ത്രിക്കുന്നതിനേക്കാൾ ഉപരിയായി റീച്ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനും മലിനീകരണം പരമാവധി കുറയ്ക്കുന്നതിനും പരിശ്രമിക്കണം. വാട്ടർ അതോറിറ്റിപോലുള്ള സ്പെഷ്യലൈസ്ഡ് ഏജൻസികളുമായി ചർച്ച ചെയ്ത് ലാന്റ് വാട്ടർ മാനേജ്മെന്റ് പ്ളാൻ പ്രാദേശിക തലങ്ങളിൽ ഉണ്ടാക്കണം. സാമ്പത്തിക പരിമിതി കണക്കിലെടുത്ത് ഭൂജല

അതോറിറ്റിയുടെ ശാഖകൾ പ്രാദേശിക തലങ്ങളിൽ സ്ഥാപിക്കുന്നത് അപ്രായോഗികമാണ്. ഈ സാഹചര്യത്തിൽ പ്രാദേശിക തലത്തിൽ ഈ ബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതെ ഒരു സെൻട്രൽ അതോറിറ്റിയെ മാത്രം സൃഷ്ടിച്ചതുകൊണ്ട് പ്രയോജനമില്ല. ഈ ബില്ലിന്റെ നിർവ്വചനത്തിൽ ചില ഭേദഗതികൾ ആവശ്യമാണ്. രജിസ്ട്രേഷൻ ബന്ധപ്പെട്ട പഞ്ചായത്തിൽത്തന്നെ മതിയാകും. സമഗ്രമായ ഒരു ജല പ്ളാൻ തയ്യാറാക്കണം. പ്രാദേശിക കൂട്ടായ്മയുണ്ടെങ്കിൽ ഭൂജല സമ്പത്ത് സംരക്ഷിക്കാൻ കഴിയും. ഭൂജല അതോറിറ്റി രൂപീകരിക്കുന്നതുമൂലം സർക്കാരിന് അനാവശ്യമായ ചെലവുണ്ടാകുമെന്നതിനാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിനെത്തന്നെ ഇതിന്റെ അതോറിറ്റിയായി നിശ്ചയിക്കുന്നതായിരിക്കും ഉചിതം.

ശ്രീ. കെ. ബാബു: സംസ്ഥാനത്തിന്റെ ഉത്തമതാല്പര്യം സംരക്ഷിക്കുന്നതിനും ഭൂജലത്തിന്റെ അമിത ചൂഷണം നിയന്ത്രിക്കുന്നതിനും ഉതകുന്ന ഒരു ബില്ലാണിത്. ഭരണ–പ്രതിപക്ഷഭേദമെന്യേ ഈ ബിൽ കുറ്റമറ്റതാക്കാൻ ശ്രമിക്കണം. നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി തയ്യാറാക്കിയ റിപ്പോർട്ട് വളരെ ഗുരുതരമായ പ്രശ്നങ്ങളിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. കിണറുകളും കുളങ്ങളും ജലാശയങ്ങളും വറ്റിവരണ്ടാൽ നിബിഡ വനങ്ങൾപോലും കരിഞ്ഞു പോകാൻ സാദ്ധ്യതയുണ്ടെന്ന് വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ആ സ്ഥിതി ഒഴിവാക്കണം. വ്യാവസായികാടിസ്ഥാനത്തി ലുള്ള ഭൂജല ദുരുപയോഗം തടയാനും വെള്ളം ലഭ്യമല്ലാത്ത സ്ഥല ങ്ങളിൽ ബോർവെൽ കുഴിക്കുന്നതും ഗുണമേന്മ ഉറപ്പുവരുത്താതെ കുടിവെള്ളം ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്നത് നിയന്ത്രിക്കാനും നിയമം ആവശ്യമാണ്. ഇതിനായി ഇപ്പോൾ ഫലപ്രദമായ നിയമങ്ങളൊന്നും നിലവിലില്ല. മഴവെള്ളം കെട്ടിനിറുത്താനും അത് ഒലിച്ചുപോകാതെ സംരക്ഷി ക്കാനും ജനങ്ങളിൽ ബോധവൽക്കരണം നടത്തി പരമ്പരാഗത സമ്പ്രദായം തിരിച്ചുകൊണ്ടു വരാൻ ശ്രമിക്കണം. ഈ ആക്ടിൽ അതോറിറ്റിയെക്കുറിച്ച് വ്യക്തമായ നിർവ്വചനം നൽകണം. ഭൂജലം അനാവശ്യമായി ചൂഷണം ചെയ്യുന്നവരെ കർശനമായി ശിക്ഷിക്കണം. കുടിവെള്ള സ്രോതസ്സുകളുടെ മുപ്പതു മീറ്റർ ചുറ്റളവിനുള്ളിൽ കിണർ കുഴിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം പിൻവലിക്കണം. വീട്ടാവശ്യങ്ങൾക്ക് കിണർ കുഴിക്കുന്നതിന് യാതൊരു വിധത്തിലുള്ള നിയന്ത്ര ണവും പാടില്ല. വൻതോതിലുള്ള ഭൂഗർഭജല ചൂഷണം നിയന്ത്രിക്കുക മാത്രമായിരിക്കണം ഈ ബില്ലിന്റെ ലക്ഷ്യം. മിനറൽ വാട്ടറിന്റെ ക്വാളിറ്റി ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കെ.പി. രാജേന്ദ്രൻ : കുടിവെള്ളപ്രശ്നത്തിന് രാഷ്ട്രീയത്തിനതീതമായി പരിഹാരം കണ്ടെത്തണം. രണ്ടായിരമാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം എന്ന സമ്പൂർണ്ണ കുടിവെള്ള പദ്ധതിക്കു രൂപം നൽകിയിരുന്നെങ്കിലും പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ത്രിതല പഞ്ചായത്തുകൾക്കു ഗവൺമെന്റ് കൊടുക്കുന്ന പണം പൂർണ്ണമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ജലത്തിന്റെ കാര്യത്തിൽ ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാൻ ജലസാക്ഷരതയും വാട്ടർ കൾച്ചറും ഉണ്ടാകണം. ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി മഴവെള്ളം സംഭരിക്കാനുള്ള നടപടിയുണ്ടാകണം. അമിതമായ ജല ഉപയോഗം നിയന്ത്രിക്കണം. ശുദ്ധജലം ഉപയോഗിച്ച് വാഹനങ്ങൾ കഴുകുന്നതും ഹോട്ടലുകളിൽ ആവശ്യത്തിലധികം വെള്ളം ഉപയോഗിക്കുന്നതും നിയന്ത്രിക്കണം. ഈ നിയമം ഫലപ്രദമായി

നടപ്പിലാക്കുന്നതിന് ഇതിന്റെ ഇംപ്ളിമെന്റേഷൻ ത്രിതല ഭരണ സംവിധാനത്തിന്റെ പൂർണ്ണമായ ഉത്തരവാദിത്വത്തിൽ കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണം. നോട്ടിഫൈ ചെയ്ത സ്ഥലങ്ങളിൽ മാത്രമേ കിണറുകളും കുളങ്ങളും കുഴിക്കാൻ അനുവദിക്കൂ എന്ന വ്യവസ്ഥയിൽ മാറ്റം വരുത്തണം. ജലദൗർലഭ്യം ജീവൽപ്രധാനമായി കണ്ടുകൊണ്ട് ഭൂഗർഭജലം സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. ജലം ആവശ്യത്തിനുമാത്രം ഉപയോഗിക്കുന്ന പുതിയൊരു ജീവിതശൈലിയും പരിസ്ഥിതിയെക്കുറിച്ചുള്ള വീണ്ടുവിചാരവും ഒരു ബഹുജനപ്രസ്ഥാനമായി വളർത്തിയെടുക്കാൻ ഈ നിയമം ഉപകരിക്കണം.

ശ്രീ. പി. ജയരാജൻ : ജലം ജീവന്റെയും ജീവിതത്തിന്റെയും ഭാഗമാണ്. സംസ്ഥാനം ജലദൗർലഭ്യം അനുഭവിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിൽ ഭൂഗർഭജല ഉപയോഗം നിയന്ത്രിക്കണം. നമ്മുടെ ഭൂഗർഭജലം അന്യ സംസ്ഥാനങ്ങൾ തട്ടിക്കൊണ്ടുപോകുന്നത് തടയാനാവശ്യമായ നടപടികളായിരുന്നു ഈ ബിൽ കൊണ്ടുവരുന്നതിനു മുൻപ് അത്യാവശ്യമായി സ്വീകരിക്കേണ്ടിയിരുന്നത്. നമ്മുടെ നദീജലം നിയമവിരുദ്ധമായി അന്യസംസ്ഥാനങ്ങളിലേയ്ക്ക് ചോർത്തിക്കൊണ്ടുപോകുന്നതു നിയന്ത്രിക്കണം. ഭൂഗർഭജലത്തിന്റെ അമിത ഉപയോഗംമൂലം അരുവികളിലെയും കനാലുകളിലെയും ജലലഭ്യത കുറയുന്നുണ്ട്. ഭൂഗർഭജലത്തിന്റെ ചൂഷണം തടയുന്നതിന് ഒരു പുതിയ അതോറിറ്റി ആവശ്യമില്ല. ജലത്തിന്റെ ഉപയോഗം സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ജലസാക്ഷരത ആവശ്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയ സമിതികളെയും ജലസാക്ഷരതാ സമിതികളുടെ പ്രവർത്തനത്തിൽ പങ്കെടുപ്പിക്കണം. ഭൂഗർഭജല അതോറിറ്റിയുടെ അധികാരങ്ങളെപ്പറ്റി ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഭൂഗർഭജലത്തിന്റെ വിനിയോഗം *സംബന്ധിച്ച്* കൂടുതൽ വിശദീകരണം ആവശ്യമാണ്. ഭൂഗർഭജലവകുപ്പിന് അനുവദിച്ച ഫണ്ട് ശരിയായി വിനിയോഗിക്കപ്പെട്ടില്ല എന്ന് എ.ജി.തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭൂഗർജല അതോറിറ്റിക്ക് അമിതാധികാരം നൽകാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. കേന്ദ്രജലനയത്തിന്റെ ചുവടുപിടിച്ച് ഈ മേഖലയിൽ കൂടുതൽ സ്വകാര്യവ്യക്തികൾ വരികയും ജലം ചൂഷണം ചെയ്ത് വിറ്റ് കൊള്ളലാഭമെടുക്കുന്നതിന് അവരെ സഹായിക്കുകയുമാണോ ഇതിൽ ഒളിഞ്ഞുകിടക്കുന്ന ഉദ്ദേശമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ പുതിയ കിണറുകളും കുഴൽ കിണറുകളും നിർമ്മിക്കണമെങ്കിൽ അപേക്ഷ കൊടുത്ത് അനുമതി തേടണം. നിലവിലുള്ള കിണറുകളും രജിസ്റ്റർ ചെയ്യണം. ഗാർഹികാവശ്യത്തിനുൾപ്പെടെ ജലം ഉപയോഗിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തുന്ന രീതിയിലാണ് ഈ ബില്ലിലെ വ്യവസ്ഥകൾ വിഭാവന ചെയ്തിരിക്കുന്നത്. തദ്ദേശഭരണസ്ഥാപനങ്ങളെ ഭൂഗർഭജലത്തിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് ചുമതലപ്പെടുത്തണം.

ശ്രീ. സി.ടി. അഹമ്മദ് അലി: ജലദൗർലഭ്യമുള്ള സംസ്ഥാനമാണ് കേരളം. ഓരോവർഷം കഴിയുംതോറും കുടിവെള്ളക്ഷാമം കൂടിക്കൂടിവരുന്നു. ഭൂഗർഭജലം പരമാവധി സംരക്ഷിക്കപ്പെടാനുള്ള ബില്ലാണിത്. സബ്ജക്ട് കമ്മിറ്റി ചർച്ചാവേളയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഈ നിയമം കുറ്റമറ്റരീതിയിൽ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ കോടിയേരി ബാലകൃഷ്ണൻ</u>: ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. ഭൂഗർഭ ജലം ഉപയോഗിക്കുന്നതു സംബന്ധിച്ച് നദികളെയും ജലാശയങ്ങളെയും മാത്രം ആശ്രയിക്കാതെ മഴവെള്ളം സംഭരിച്ച് ഭൂഗർഭ ജലസംരക്ഷണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളെക്കുറിച്ചും ആലോചിക്കണം. ബില്ലിലെ 3–ാം വകുപ്പിന് കൂടുതൽ വ്യക്തത നൽകണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളിന്മേലുള്ള കൈകടത്തലാണ് വരാൻപോകുന്നത്. അതു സംബന്ധിച്ച് വന്നിട്ടുള്ള ആശങ്കകൾ ദൂരീകരിക്കണം. സ്വന്തമായി ഭൂമിയുള്ളവർപോലും കിണർ കുഴിക്കുന്നതിന് ഗവൺമെന്റിന്റെ അംഗീകാരം വാങ്ങണമെന്ന വ്യവസ്ഥകൾ ദുരുപയോഗം ചെയ്യാനിടയുണ്ട്. ഇത് ഭാവിയിൽ വലിയ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുകയും ചെയ്യും. ഇന്ന് ഭൂഗർഭജലം കൂടുതൽ മലിനമായിക്കൊണ്ടിരിക്കുയാണ്. ജനസാന്ദ്രതയേറിയ കേരളത്തിൽ കക്കൂസുകളുടെ എണ്ണവും കൂടുതലാണ്. ഇത്തരം കാര്യങ്ങൾ മുൻനിറുത്തി ശാസ്ത്രീയമായ പഠനം ആവശ്യമാണ്.

<u>ശ്രീ. എം.വി. ജയരാജൻ:</u> ബില്ലിന്റെ പേര് ഭൂജലസംരക്ഷണ ബിൽ എന്നാക്കണം. ബില്ലിലെ 3–ാം വകുപ്പുപ്രകാരം ഇതൊരു വെള്ളാനയായി മാറാൻ പോവുകയാണ്. ഭൂഗർഭജലത്തിന്റെ നിയന്ത്രണം, ക്രമീകരണം തുടങ്ങിയ കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കണം.

ജലവിഭവവകുപ്പുമന്ത്രി <u>(ശ്രീ. ടി.എം. ജേക്കബ്</u>): നമ്മുടെ സംസ്ഥാനത്ത് 6791 മില്യൻ ക്യൂബിക് മീറ്റർ ഭൂഗർജലമാണുള്ളത്. അതിൽ 2930 മില്യൻ ക്യൂബിക് മീറ്റർ ജലമാണ് നമ്മൾ ഉപയോഗപ്പെടുത്തുന്നത്. ജില്ല തിരിച്ചുള്ള കണക്കുകൾ പരിശോധിച്ചാൽ വയനാട് ജില്ലയാണ് ഏറ്റവും കുറച്ച് ഭൂഗർഭജലം വിനിയോഗിച്ചിട്ടുള്ളത്. ഭൂഗർജലത്തിന്റെ വിനിയോഗം ക്രമീകരിച്ചില്ലെങ്കിൽ ഭാവിയിൽ വലിയ ഭവിഷ്യത്തുകളുണ്ടാകാൻ സാധ്യതയുണ്ട്. 1.5 ഹോഴ്സ് പവർ അല്ലെങ്കിൽ 3 ഹോഴ്സ് പവറിൽ കുറഞ്ഞ പമ്പ് ഉപയോഗിക്കുന്ന കിണറുകൾ രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. കുടിവെള്ളമെടുക്കാനുള്ള കിണറുകളും രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. ത്രിതല പഞ്ചായത്തുകളുടെ ഇത്രയും കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി ഭൂഗർഭജലത്തിന്റെ വിനിയോഗവും നിയന്ത്രണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കുന്നതിന് സർക്കാരിന് വിയോജിപ്പില്ല. ത്രിതല പഞ്ചായത്തുകളുടെ ശരിയായ ദിശയിലുള്ള ഒരു ഡേറ്റാ കളക്ഷൻ ഉണ്ടെങ്കിലേ ഇത്തരം കാര്യങ്ങൾ വിജയിക്കുകയുള്ളൂ. ക്ലാസ് 3 പ്രകാരമുള്ള അതോറിറ്റിവഴി ഒരു വെള്ളാനയെ സൃഷ്ടിക്കണമെന്ന് ഉദ്ദേശമില്ല. സംസ്ഥാനത്ത് ഇപ്പോൾതന്നെ ഭൂഗർഭജലത്തിന് ഒരു പ്രത്യേക വകുപ്പുണ്ട്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് സാധിക്കുന്ന രീതിയിലായിരിക്കും ജല അതോറിറ്റി രൂപീകരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ ക്യാബിനറ്റ് അംഗീകരിച്ച ബില്ലാണിത്. ഗവൺമെന്റിന് അധികച്ചെലവ് വരാതെയായിരിക്കും ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത്. ക്യാബിനറ്റ് അംഗീകരിച്ച നയപരമായ തീരുമാനത്തിൽനിന്നും വ്യതിചലിച്ച് സബ്ജക്ട് കമ്മിറ്റി സ്റ്റേജിലോ, നിയമസഭയിലോ പാസ്സാക്കുകയെന്നുള്ളത് നടപടിക്രമമനുസരിച്ച് ശരിയല്ല. ക്യാബിനറ്റ് ഡിസിഷന് വിധേയമായി ഈ ബില്ലിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നുള്ള കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടുമില്ല. ഇവിടെ പല അംഗങ്ങളും ആവർത്തിച്ച് പറഞ്ഞ ഒരു കാര്യം ക്ളാസ് 11(3)–നെ സംബന്ധിച്ചാണ്. ഇത് ആദ്യമായി ഈ

നിയമത്തിൽ മാത്രം കൊണ്ടുവന്നതല്ല. നിയമസഭ പാസ്സാക്കിയ മറ്റു നിയമങ്ങളിലും സമാന വ്യവസ്ഥയുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ആലോചിച്ച് ഇതിനാവശ്യമായ ഭേദഗതി വരുത്താം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെതന്നെ റഗുലേറ്റ് ചെയ്യുകയാണ്. പല കാരണങ്ങളാൽ ഈ ബിൽ സമയത്ത് കൊണ്ടുവരാൻ കഴിഞ്ഞില്ല. വളരെ സദുദ്ദേശത്തോടുകൂടി ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലാണിത്. വളരെ ഓപ്പൺ മൈന്റോടുകൂടി സബ്ജക്ട് കമ്മിറ്റിയിൽ ഇത് ചർച്ച ചെയ്യാം. കമ്മിറ്റിയിലില്ലാത്ത മെമ്പേഴ്സിന് ക്ളാസ് ബൈ ക്ളാസ് ഡിസ്ക്കഷൻ വരുംപോൾ ഭേദഗതി കൊണ്ടുവരാം. അതിൽ ഉൾക്കൊള്ളാൻ കഴിയുന്നതെല്ലാം ഉൾക്കൊണ്ടുകൊണ്ട് കുറ്റമറ്റരീതിയിൽ ഒരു നിയമംകൊണ്ടുവന്ന് പാസ്സാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ഈ ബില്ലിനോട് മൊത്തത്തിൽ സഹകരിച്ച് പിന്തുണ നൽകുകയും, ഇങ്ങനെയൊരു നിയമം ആവശ്യമാണെന്നുള്ള നിലയിൽ അഭിപ്രായം പറയുകയും ചെയ്ത അംഗങ്ങളോട് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2002–ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച IIIാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 1.32–ന് പിരിഞ്ഞു.